കേരള ഭൂഷണം
Estd: 1944

08 January 2024

## സമുദ്രമത്സ്യമേഖലയുടെ സുസ്ഥിരവികസനത്തിനാവശ്യമായ നയരൂപീകരണം

# സിഎംഎഫ്ആർഐ സമഗ്ര നിർദ്ദേശങ്ങൾ സമർപ്പിച്ചു

കൊച്ചി: ഇന്ത്യൻ സമുദ്രമത്സ്യമേഖലയുടെ സുസ്ഥിരവികസനത്തിനായി കേന്ദ്ര നിയമനിർമാണം (മറൈൻ ഫിഷറി ആക്ട്) ഉൾപ്പെടെ സമഗ്രമായ നിർദേശങ്ങളുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). 12 നോട്ടിക്കൽ മൈൽ പരിധിയിലുള്ള തീരക്കടലിനപ്പുറം ഇന്ത്യൻ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനം നിയന്ത്രിക്കാൻ കേന്ദ്ര നിയമം അനിവാര്യമാണെന്ന് ചൂണ്ടിക്കാട്ടി. സീഫുഡ് കയറ്റുമതി ശക്തിപ്പെടുത്തുന്നതിനാവശ്യമായ സമുദ്രവിഭവങ്ങളുടെ ഇക്കോലേബലിങ്ങിന് ദേശീയ മാർഗനിർദേശങ്ങൾ വേണം.

ഈ രംഗത്തെ സ്വകാര്യസംരംഭകത്വം, ചെറുകിട മത്സ്യത്തൊഴിലാളികളുടെയും മത്സ്യസംസ്കരണ രംഗത്തെ സംരംഭകരുടെയും ഉപജീവനം സംരക്ഷിക്കുന്ന തരത്തിൽ നിയന്ത്രണ വിധേയമാക്കണം.

കടലിലെ കൂടുമത്സ്യകൃഷി ഉൾപ്പെടെയുള്ള മാരികൾച്ചർ രംഗം കൂടുതൽ കാര്യക്ഷമമാക്കണം. സമുദ്രമത്സ്യ ലഭ്യതയുടെ കണക്കെടുപ്പിനും മത്സ്യബന്ധന യാനങ്ങൾ നിരീക്ഷിക്കുന്നതിനും മറ്റും നിർമിതബുദ്ധി അധിഷ്ഠിത ഓട്ടോമേറ്റഡ് സംവിധാനങ്ങൾ കൊണ്ടുവരണം. ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് കൂടുതൽ ഗവേഷണ പഠനപദ്ധതികൾ ആരംഭിക്കുന്നതിന് ഊന്നൽ നൽകണം. മത്സ്യത്തീറ്റകൾക്കായി ഉപയോഗിക്കാവുന്ന മധ്യോപരിതല മത്സ്യസമ്പത്തിന്റെ നിലവിലെ സ്ഥിതിയും സാധ്യതകളും കൂടുതൽ കൃത്യമായി മനസ്സിലാക്കുന്നതിനുള്ള ശ്രമങ്ങൾ വേണം. മെഴുക് എസ്റ്ററുകൾ ധാരാളമുള്ളതിനാൽ ഈ മത്സ്യങ്ങൾ മനുഷ്യർക്ക് കഴിക്കാനാകില്ല. ദ്വീപുകളിലെ മത്സ്യമേഖലയുടെ വികസനത്തിന് കൂടുതൽ ശ്രദ്ധ നൽകണം. മത്സ്യത്തൊഴിലാളികളുടെ സ്വത്തിനും ജീവനും സുരക്ഷയൊരുക്കുന്നതിനായി അപകട ഇൻഷുറൻസ്, ബോട്ട് ഇൻഷുറൻസ് തുടങ്ങിയവ കാര്യക്ഷമമായി നടപ്പിൽവരുത്തണം. മത്സ്യോൽപാദനം കൂട്ടാനായി കടലിൽ കൃത്രിമപാരുകൾ സ്ഥാപിക്കുന്ന പദ്ധതി അവ എത്രത്തോളം ഫലപ്രദമാകുന്നുവെന്നതിനുള്ള തുടർപഠനങ്ങളും നിരീക്ഷണങ്ങളും നടത്തി മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനം വേണം. തുടങ്ങിയവയാണ് പ്രധാന നിർദേശങ്ങൾ.